ഭരണഭാഷ മാതൃഭാഷ

നമ്പർ - ICDS –B9/13077/21

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി: 10.09.2021
ഇ-മെയിൽ:directorate.wcd@kerala.gov.in
Phone No. 0471 – 2346534

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം – വനിത ശിശുവികസന വകുപ്പ് – ഐ.സി.ഡി.എസ് - അമൃതം ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റ് – വിസിറ്റ് – SOP പാലിക്കേണ്ടത് സംബന്ധിച്ച്.

സൂചന - (1) സ.ഉ (സാധ) നം.587/2014/സാനീവ തീയതി 22.09.2014.
(2) ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകളുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) .

അമൃതം ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള SOP യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. SOP അദ്ധ്യായം – 5 ൽ യൂണിറ്റുകളിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും മൈക്രോ ബയോളജിക്കൽ, കെമിക്കൽ എന്നിവയുടെ ടെസ്റ്റ് നടത്തുന്നതിനും നിർദ്ദേശമുള്ളതാണ്. എന്നാൽ

Sg

പരിശോധന വേളയിൽ SOP മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കാതെവരുന്നതിനാൽ , ന്യൂട്രിമിക്സ് നിർമ്മാണ വിതരണ യൂണിറ്റുകളുടെ കാര്യക്ഷമതയിൽ പാളിച്ചകൾ സംഭവിക്കുകയും, അപ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ വിതരണത്തിലും, രുചിവ്യത്യാസത്തിനും, ഗുണനിലവാരത്തിലും വീഴ്ചയുണ്ടാകുന്നത് വകുപ്പിന് അവമതിപ്പ് ഉണ്ടാക്കുന്നു. ആയതിനാൽ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ സൂപ്പർവൈസർ, സി.ഡി.പി.ഒ, പ്രോഗ്രാം ഓഫീസർ എന്നിവർ കൃത്യമായ ഇടവേളകളിൽ SOP അടിസ്ഥാനമാക്കി പരിശോധിക്കേണ്ടതും റിപ്പോർട്ട് നിശ്ചിതപ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതുമാണ്. അതോടൊപ്പം, ശുദ്ധജലത്തിന്റെ പരിശോധന യൂണിറ്റുകളിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

ഉള്ളടക്കം : SOP

Sg